## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 238. 19.12.2012-ൽ മറുപടിയ്ക്ക്**

## മെഡിക്കൽ കോളേജ് ആശുപത്രികളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. പി. രാമകൃഷ്ണൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | മെഡിക്കൽ കോളേജ് ആശുപത്രികളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം 160 കോടി രൂപ ചെലവഴിച്ചു. ഇതേ ആവശ്യത്തിന് നടപ്പു സാമ്പത്തിക വർഷം 121 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആധുനിക ഉപകരണങ്ങളും ചികിൽസാ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനാണ് ഈ തുക ഉൾപ്പെടുത്തുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ മൾട്ടി ഡിസിപ്ലിനറി ഐ. സി. യു. സ്ഥാപിക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജിറിയാട്രിക് വിഭാഗം തുടങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. തൃശ്ശൂർ ഒഴികെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ട്. ഇത് ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ആലപ്പുഴ, കോട്ടയം, തൃശ്ശൂർ മെഡിക്കൽകോളേജുകളിലായി 180.5 കോടി രൂപയുടെ നബാർഡ് സഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളും കോഴിക്കോട് മെഡിക്കൽകോളേജിന്റെ ഭാഗമായി ഇംഹാൻസ് സ്ഥാപിയ്ക്കാനായി 20 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം വികസനത്തിനായി കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | അനുവദിച്ച 56 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പാക്കിവരുന്നു. |
| (ബി) | മെഡിക്കൽകോളേജ് ആശുപത്രികളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജ് ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്സിന്റെ പദവിയിലേയ്ക്ക് ഉയർത്തുന്നതിനായി കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം.എസ്.എസ്.വൈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന് 100 കോടി രൂപ അനുവദിയ്ക്കുകയും അതുപയോഗിച്ച് സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം കൂടി ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കിയത്. ടി പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിന് 125 കോടി രൂപയുടെ കേന്ദ്ര ധന സഹായത്തിനുള്ള നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതുപയോഗിച്ച് വികസന പ്രവർത്തനം നടത്തുന്നതിനുള്ള 'വിശദമായ പ്രോജക്ട് റിപ്പോർട്ട്' കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകൾക്ക് വേണ്ടിയും ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനുള്ള പ്രപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.<br>കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (ഇംഹാൻസ്) സ്ഥാപിയ്ക്കുന്നതിനായി 30 കോടി രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം നവീകരിക്കുന്നതിനായി 3 കോടി രൂപയുടെ കേന്ദ്ര സഹായം അനുവദിച്ചിട്ടടുണ്ട്. അതിൽ 56 ലക്ഷം രൂപ ചെലവാക്കിയുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രത്തിൽ നിന്നും എത്ര തുക ഗ്രാന്റായി ലഭിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ? | (സി) | പ്രധാനമന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷാ യോജന (പി. എം. എസ്. എസ്. വൈ) സ്കീമിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിനു ലഭിച്ച 100 |

| | | | |
|---|---|---|---|
| | | | കോടി രൂപ ചെലവഴിച്ചു. ഇംഹാൻസ് സ്ഥാപിക്കുന്നതിനു ലഭിച്ച 30 കോടി രൂപ വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. തിരുവനന്തപുരം മെഡിക്കൽകോളേജിലെ സൈക്യാട്രി വിഭാഗം നവീകരിക്കുന്നതിനുള്ള 3 കോടി രൂപയിൽ ലഭിച്ച 56 ലക്ഷം രൂപയും വിനിയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ